# കെ.പി മൊയ്തീൻകുട്ടി മലപ്പുറം



**ഇസ്‌ലാമിക** പ്രവർത്തനരംഗത്ത് സജീവ സാന്നിധ്യമായിരുന്നു 2007 ജൂലൈ 19-ന് നിര്യാതനായ മലപ്പുറം സ്വദേശി കെ.പി മൊയ്തീൻ മൗലവി. പണ്ഡിതൻ, അധ്യാപകൻ, പ്രസംഗകൻ, സംഘാടകൻ എന്നീ നിലകളിൽ മികച്ച മാതൃകയായിരുന്ന അദ്ദേഹം ജമാഅത്തെ ഇസ്‌ലാമി അംഗമായിരുന്നു.

കുറച്ചുകാലം പള്ളിദർസിൽ പഠിച്ച കെ.പി 1955-ൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ വിദ്യാർഥിയായി ചേർന്നു. ശാന്തപുരത്തെ പഠനം ഇടക്കുവെച്ച് നിർത്തേണ്ടിവന്നു. തുടർന്ന് മലപ്പുറം അൽ മദ്റസത്തുൽ ഇസ്‌ലാമിയയിൽ അധ്യാപകനായി. മദ്റസ തന്നെയായിരുന്നു അന്ന് ജമാഅത്തിന്റെ ഓഫീസ്. അവിടം കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തിയ കെ.പി ധാരാളം ആളുകളെ പ്രസ്ഥാന പ്രവർത്തകരാക്കിയിട്ടുണ്ട്. സ്ക്വോഡ് പ്രവർത്തനങ്ങളിലും പരിപാടികൾ സംഘടിപ്പിക്കുന്നതിലും മുന്നിൽനിന്നിരുന്ന അദ്ദേഹം രാപ്പകലില്ലാതെ പ്രസ്ഥാന മാർഗത്തിൽ പ്രവർത്തിച്ച ത്യാഗിയായിരുന്നു. ചേങ്ങോട്ടൂർ, ചൂനൂർ, മണ്ണഴി, ആക്കപറമ്പ്, പാങ്ങ്, പറങ്കിമൂച്ചിക്കൽ, ചാപ്പനങ്ങാടി, പൊന്മള, ഒതുക്കുങ്ങൽ, കുഴിപ്പുറം, വട്ടപറമ്പ്, ചട്ടിപറമ്പ്, പടപറമ്പ്, പലകപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ പ്രസ്ഥാനം വളർത്തുന്നതിൽ പ്രധാന പങ്ക് കെ.പിയുടേതായിരുന്നു. അടിയന്തരാവസ്ഥയിൽ അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം ജയിൽ ജീവിതവും പ്രബോധനത്തിനു വേണ്ടി പ്രയോജനപ്പെടുത്തിയിരുന്നു. പണ്ഡിതന്മാരെയും പൗരപ്രമുഖരെയും ബുദ്ധിജീവികളെയും ലക്ഷ്യം വെച്ച് നടത്തിയിരുന്ന സ്ക്വോഡുകൾ അദ്ദേഹത്തിന്റെ സാന്നിധ്യം കൊണ്ടായിരുന്നു പലപ്പോഴും വിജയകരമായിരുന്നത്.

ഖുർആനിൽ അവഗാഹമുള്ള പണ്ഡിതനായിരുന്നു അദ്ദേഹം. മലപ്പുറം മസ്ജിദുൽ ഫത്ഹിൽ അദ്ദേഹം നടത്തിയിരുന്ന ഖുത്ബകൾ ആകർഷകമായിരുന്നു. കരുവാരകുണ്ട് മസ്ജിദിലും കെ.പി ഖത്വീബായിരുന്നു.

1964-ൽ ഇസ്‌ലാമിക് ലൈബ്രറി തുടങ്ങുന്നതിലും കോട്ടപ്പടി അൽ മദ്റസത്തുൽ ഇസ്‌ലാമിയ ആരംഭിക്കുന്നതിലും മുഖ്യപങ്ക് കെ.പിയുടേതായിരുന്നു. ഫലാഹിയാ കോളേജ് സ്ഥാപിക്കുന്നതിലും വളർത്തുന്നതിലും പങ്കുവഹിച്ച കെ.പി തന്നെയായിരുന്നു ഫലാഹിയയുടെ സ്ഥാപക പ്രിൻസിപ്പൽ. രോഗാവസ്ഥയിൽപോലും ഫലാഹിയയിൽ വിദ്യാർഥികൾക്ക് ക്ലാസ്സെടുത്തിരുന്നു. മുതിർന്ന പ്രവർത്തകർക്ക് അറബി-ഉർദു ഭാഷകളും ദീനീവിഷയങ്ങളും പ്രസ്ഥാനവും പഠിപ്പിച്ചിരുന്ന വയോജന ക്ലാസ്സുകൾ, സ്റ്റഡി സർക്കിളുകൾ തുടങ്ങിയവയും കെ.പിയുടെ നേതൃത്വത്തിലാണ് നടന്നിരുന്നത്. വലിയൊരു ശിഷ്യസമ്പത്തിന്റെ ഉടമയാണ്.

**അബൂബക്കർ മലപ്പുറം**

# നെച്ചിയിൽ മൊയ്തീൻ കുട്ടി ഹാജി



**വള്ളുവമ്പ്രം** അത്താണിക്കലിലെ 'കാരുണ്യ കേന്ദ്ര'ത്തിന്റെ താങ്ങും തണലുമായിരുന്ന നെച്ചിയിൽ മൊയ്തീൻ കുട്ടി ഹാജി സെപ്റ്റംബർ 4-ന് അല്ലാഹുവിന്റെ സന്നിധിയിലേക്ക് യാത്രയായി. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ രൂപം കൊണ്ട ഹിറാ മസ്ജിദ്, മദ്റസ, ആംബുലൻസ് സർവീസ്, മെഡിക്കൽ എയ്ഡ് സെന്റർ, പാലിയേറ്റീവ് സൊസൈറ്റി, അൽ അൻസാർ സകാത്ത് കമ്മിറ്റി തുടങ്ങിയ സംരംഭങ്ങളുടെയൊക്കെയും പിറവിക്ക് നിമിത്തമായത് അദ്ദേഹത്തിന്റെ ഉദാരമായ സഹായമായിരുന്നു. പ്രസ്ഥാനത്തിന്റെ ഘടനയിൽ ഇല്ലായിരുന്നെങ്കിലും ഗുണകാംക്ഷിയായ സഹയാത്രികനായി അദ്ദേഹം എന്നും കൂടെ നിന്നു.

ഒരു ഷോപ്പിംഗ് കെട്ടിടം അദ്ദേഹം പള്ളിക്ക് വഖ്ഫ് ചെയ്യുകയുണ്ടായി. പള്ളി നിർമാണത്തിനായി സ്ഥലം നൽകിയതും അദ്ദേഹമായിരുന്നു. സമീപത്തെ പല പള്ളികൾക്കും പൊതുസംരംഭങ്ങൾക്കും ഉദാരമായ സഹായം നൽകി.

**എം. മുഹമ്മദലി**

# പി. അഹ്മദ് കുട്ടി

**മലപ്പുറം** ജില്ലയിലെ വണ്ടൂർ കാരക്കാപറമ്പിലെ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായിരുന്ന പുതിയത്ത് അഹ്മദ് കുട്ടി കഴിഞ്ഞ ജൂലൈ 26-ന് അല്ലാഹുവിന്റെ സവിധത്തിലേക്ക് യാത്രയായി.

ജീവിതഗന്ധിയായ നർമം കൊണ്ട് അദ്ദേഹം സഹപ്രവർത്തകരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. കടത്തിണ്ണയിലിരുന്ന് നാട്ടുകാർക്ക് പ്രസ്ഥാനത്തെ പരിചയപ്പെടുത്തി.

കാരക്കാപറമ്പ് മസ്ജിദ് ഖലീഫയുടെ നിർമാണത്തിൽ സജീവ പങ്കാളിത്തം വഹിച്ചു.

ഭാര്യയും ആറു മക്കളുമടങ്ങുന്ന കുടുംബം പ്രസ്ഥാന അനുഭാവികളാണ്.

അബ്ദുല്ല ഫൈസി, ടി. അലി (ജമാഅത്തെ ഇസ്‌ലാമി മലപ്പുറം ഈസ്റ്റ് ജില്ലാ കമ്മിറ്റിയംഗം) എന്നിവർ സഹോദരങ്ങളാണ്.

**പി. ശബീർ അഹ്മദ്**

# എ. അബ്ദുല്ല മാസ്റ്റർ



**ജമാഅത്തെ** ഇസ്‌ലാമി വെണ്ണല കാർകുൻ ഹൽഖാ നാസിം അബ്ദുല്ല മാസ്റ്റർ ജൂലൈ 1-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി.

ആലപ്പുഴ പുന്നപ്ര സ്വദേശിയായ അദ്ദേഹം മർഹൂം ഹസൻ ബാവ മാസ്റ്ററിലൂടെയാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. നാല് പതിറ്റാണ്ടുകാലം എറണാകുളത്തും പരിസരപ്രദേശങ്ങളിലും അധ്യാപനരംഗത്തും പ്രസ്ഥാനരംഗങ്ങളിലും സജീവമായിരുന്നു. എല്ലാ വിഭാഗം ജനങ്ങളുമായും വ്യക്തിബന്ധം കാത്തുസൂക്ഷിക്കാനും ഇസ്‌ലാമിനെയും പ്രസ്ഥാനത്തെയും പരിചയപ്പെടുത്താനും അദ്ദേഹം സമയം കണ്ടെത്തി.

അലോപ്പതി ചികിത്സാ രംഗത്തെ ചൂഷണത്തിനെതിരെ ആലുവ പൂക്കാട്ടുപടിയിൽ സ്ഥാപിതമായ 'തഖ്ദീസ്' സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ സ്ഥാപക ഡയറക്ടറാണ്. കൊച്ചിൻ പലിശരഹിത ബാങ്ക് സെക്രട്ടറി, വാഴക്കാല മസ്ജിദുൽ ഫലാഹ് ട്രസ്റ്റ് വൈസ് ചെയർമാൻ, വെണ്ണല ഇസ്‌ലാമിക് സർവീസ് അസോസിയേഷൻ പ്രവർത്തക സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

ഭാര്യയും രണ്ട് പെൺമക്കളും സലീം (ബിസിനസ്, കോയമ്പത്തൂർ), സദീഖ് (സോളിഡാരിറ്റി ഏരിയാ പ്രസിഡന്റ്) എന്നീ ആൺമക്കളുമുണ്ട്.

**കെ.കെ അലി മാസ്റ്റർ**

# കുഞ്ഞിമൊയ്തീൻ



**മുണ്ടിതൊടികയിലെ** വേട്ടശ്ശേരി കല്ലുവളപ്പിൽ കുഞ്ഞിമൊയ്തീൻ ഇക്കഴിഞ്ഞ ആഗസ്റ്റ് 13-ന് നമ്മെ വിട്ടു പിരിഞ്ഞു. തീരുമാനങ്ങളെടുക്കാനും നടപ്പിലാക്കാനുമുള്ള നിശ്ചയദാർഢ്യം കുട്ടി ഹാജി എന്നറിയപ്പെടുന്ന കുഞ്ഞിമൊയ്തീൻ സാഹിബിന്റെ പ്രത്യേകതയായിരുന്നു. ജമാഅത്തെ ഇസ്‌ലാമി പൂക്കോട്ടൂർ ഹൽഖയിൽ അംഗമായിരുന്നു. മേലങ്ങാടി പള്ളിയും മദ്റസയും സ്ഥാപിക്കാൻ മുൻകൈയെടുത്തത് അദ്ദേഹമാണ്. പത്തു വർഷം മുമ്പാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്.

**എം. മുഹമ്മദ് മാസ്റ്റർ**